ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:10.12.2025**

## പ്രധാനവാർത്തകൾ

1. തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. തൃശ്ശൂർ മുതൽ കാസർഗോഡ് വരെ നാളെ വിധിയെഴുത്ത്. ആലപ്പുഴ അമ്പലക്കടവ് വാർഡിലെ റിപോളിംഗും നാളെ.
2. പ്രശ്നബാധിത ബൂത്തുകളിൽ അതീവ സുരക്ഷാക്രമീകരണങ്ങളും വെബ്കാസ്റ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് രാവിലെ 7 മുതൽ വൈകിട്ട് 6 മണിവരെ.
3. രാജ്യത്തെ തിരഞ്ഞെടുപ്പ് പരിഷ്കരണം സംബന്ധിച്ച് രണ്ടാം ദിവസും ലോക്സഭയിൽ ചർച്ച തുടരുന്നു. എസ് ഐ ആർ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.
4. തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ 50 കോടിയിലധികം എന്യുമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.
5. രണ്ടാമത്തെ പീഡനപരാതിയിൽ രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എക്ക് ഉപാധികളോടെ മുൻകൂർ ജാമ്യം അനുവദിച്ച് തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി.
6. 30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് മറ്റന്നാൾ തിരിതെളിയും. ഡെലിഗേറ്റ് പാസ് വിതരണം നാളെ മുതൽ.

RNU TVPM

## രണ്ടാംഘട്ട വോട്ടെടുപ്പ്

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പ് നാളെ നടക്കും. തൃശൂർ മുതൽ കാസർകോട് വരെയുള്ള ഏഴ് ജില്ലകളിൽ രാവിലെ 7 മുതൽ വൈകുന്നേരം 6 മണിവരെയാണ് വോട്ടെടുപ്പ്. ഈ ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാർ - അർദ്ധ സർക്കാർ ഓഫീസുകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും അവധി നൽകിയിട്ടുണ്ട്. സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് മലപ്പുറം മൂത്തേടം ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡായ പായ്മ്പാടത്തെ തിരഞ്ഞെടുപ്പ് മാറ്റിവെച്ചിട്ടുണ്ട്. തദ്ദേശ തിരഞ്ഞെടുപ്പിൻറെ ഒന്നാം ഘട്ടത്തിൽ 70.91 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. ഇരുഘട്ടങ്ങളിലേയും വോട്ടെണ്ണൽ ശനിയാഴ്ച നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## പ്രശ്നബാധിത ബൂത്തുകൾ

രണ്ടാംഘട്ട തദ്ദേശ തിരഞ്ഞെടുപ്പിൽ ആകെ 2,055 പ്രശ്നബാധിത ബൂത്തുകളാണ് ഉള്ളത്. കണ്ണൂരാണ് ഏറ്റവും കൂടുതൽ പ്രശ്നബാധിത ബൂത്തുകൾ - 1,025 എണ്ണം. ഏറ്റവും കുറവ് തൃശൂരിലും - 81. അതീവ സുരക്ഷാക്രമീകരണങ്ങളും വെബ്കാസ്റ്റിംഗ് സംവിധാനങ്ങളുമാണ് ഈ ബൂത്തുകളിൽ ഒരുക്കിയിട്ടുള്ളത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## തിരിച്ചറിയൽ രേഖകൾ

വോട്ട് രേഖപ്പെടുത്താൻ എത്തുന്ന സമ്മതിദായകർ തിരിച്ചറിയൽ രേഖകൾ കൈയിൽ കരുതണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ തിരിച്ചറിയൽ കാർഡ്, വോട്ടർ സ്ലിപ്പ്, പാസ്സ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറു മാസത്തിന് മുൻപ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ് ബുക്ക് എന്നിവ തിരിച്ചറിയൽ രേഖയായി

ഹാജരാക്കാം. ഇതിനു പുറമെ വോട്ട് ചെയ്യുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജീവനക്കാർക്ക് നൽകുന്ന ഓഫീസ് ഐഡി കാർഡ് കൂടി ഉപയോഗിക്കാമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## തിരഞ്ഞെടുപ്പ് - ബാലറ്റ് പേപ്പർ (ഇൻട്രോ)

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമ്മതിദായകർ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ കൂടി ആകാശവാണി വാർത്തകളിൽ ഉൾപ്പെടുത്തുകയാണ്. വോട്ടെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളെ കുറിച്ച് മനസ്സിലാക്കാം......

(വോയ്സ്)

ബാലറ്റ് പേപ്പറുകൾക്ക് പകരം ഇ.വിഎമ്മുകൾ എത്തിയതാണ് രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയയിലെ ഏറ്റവും വലിയ മാറ്റം എന്ന് വിശേഷിപ്പിക്കാം. തദ്ദേശ തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രങ്ങൾക്കും ചില പ്രത്യേകതകളുണ്ട്. ഒരു ബാലറ്റ് യൂണിറ്റിൽ പരമാവധി 15 സ്ഥാനാർത്ഥികളുടെ പേരും ചിഹ്നവുമാണ് രേഖപ്പെടുത്തുന്നത്. തദ്ദേശ തെരഞ്ഞെടുപ്പിൽ NOTA ഇല്ല എന്നതാണ് മറ്റൊരു പ്രത്യേകത. വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനും ചിഹ്നത്തിനും നേരെയുള്ള നീല ബട്ടൺ അമർത്തി ബീപ് ശബ്ദം കേൾക്കുന്നതോടെ കൃത്യമായി വോട്ട് രേഖപ്പെടുത്തിയെന്ന് സമ്മതിദായകന് ഉറപ്പിക്കാം. ന്യൂസ് ഡെസ്ക്, ആകാശവാണി....

☸☸☸☸☸☸☸☸☸☸☸☸☸

## റീപോളിംഗ്

വോട്ടിംഗ് യന്ത്രത്തിലെ തകരാറുമൂലം ആദ്യഘട്ടത്തിൽ പോളിംഗ് തടസ്സപ്പെട്ട ആലപ്പുഴ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് അമ്പലക്കടവ് വാർഡിലെ ഒന്നാം ബൂത്തായ മണ്ണഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ നാളെ റീപോളിംഗ് നടത്തും. റീപോളിൽ വോട്ട് ചെയ്യുന്നവരുടെ ഇടതു കൈയ്യിലെ നടുവിരലിൽ മായാത്ത മഷി

RNU TVPM

കൊണ്ട് അടയാളം രേഖപ്പെടുത്തും. ഇന്നലെ നടന്ന ഒന്നാം ഘട്ടത്തിൽ 70.91 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁

ചൂരൽമല (ഇൻട്രോ)

വയനാട് മുണ്ടക്കൈ-ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് വോട്ടെടുപ്പ് ദിവസമായ നാളെ ചൂരൽമലയിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തി ജില്ലാഭരണകൂടം. 430 കുടുംബങ്ങൾക്കാണ് കെഎസ്ആർടിസി ഈ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്.

**ആകാശവാണി വയനാട് ജി ല്ലാ പ്രതിനിധി അരുൺ വിൻസെൻറ് തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

കാസർഗോഡ് (ഇൻട്രോ)

തദ്ദേശ തിരഞ്ഞെടുപ്പിൻറെ ഭാഗമായി കാസർഗോഡ് ജില്ലയിൽ സജ്ജമാക്കിയ എല്ലാ പോളിങ് ബൂത്തുകളിലും പ്രാഥമിക ശുശ്രൂഷാ സൗകര്യങ്ങളും അധിക ക്രമീകരണങ്ങളും ഏർപ്പെടുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ..**

(വോയിസ്)

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

പ്രത്യേക വാർത്താ ബുള്ളറ്റിൻ

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രത്യേക വാർത്താ ബുള്ളറ്റിനുകൾ ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം പ്രക്ഷേപണം ചെയ്യും. മറ്റ് ബുള്ളറ്റിനുകൾക്ക് പുറമേ, അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നാളെ രാവിലെ 9.55 , വൈകിട്ട് 3.30, 4.30 എന്നീ സമയങ്ങളിൽ പ്രക്ഷേപണം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

രാഹുൽ മാങ്കൂട്ടത്തിൽ - മുൻകൂർ ജാമ്യം

രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എക്കെതിരെ നൽകിയ രണ്ടാമത്തെ പീഡനപരാതിയിൽ ഉപാധികളോടെ മുൻകൂർ ജാമ്യം അനുവദിച്ച് തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി. എല്ലാ തിങ്കളാഴ്ചയും അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരാകണമെന്നും അന്വേഷണവുമായി സഹകരിക്കണമെന്നും കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

ഐ എഫ് എഫ് കെ

30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് മറ്റന്നാൾ തിരി തെളിയും. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകിട്ട് ആറ് മണിക്കാണ് ഉദ്ഘാടന ചടങ്ങ്. ഡെലിഗേറ്റ് പാസ്സ് വിതരണം നാളെ രാവിലെ ടാഗോർ തിയേറ്ററിൽ ആരംഭിക്കും. ചലച്ചിത്ര താരം ലിജോമോൾ ജോസ് ആദ്യ പാസ്സ് ഏറ്റുവാങ്ങും. ഈ മാസം 19 വരെ നടക്കുന്ന മേളയിൽ എഴുപതോളം രാജ്യങ്ങളിൽ നിന്നുള്ള 200 ലേറെ ചിത്രങ്ങൾ പ്രദർശിപ്പിക്കും. സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് കനേഡിയൻ ചലച്ചിത്രകാരി കെല്ലി ഫൈഫ് മാർഷലിന് സമ്മാനിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

പാർലമെൻറ്

പാർലമെൻറിൻറെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് പരിഷ്കരണം സംബന്ധിച്ച ചർച്ചകൾ ലോക്സഭയിൽ രണ്ടാം ദിവസും തുടരുകയാണ്.

എസ് ഐ ആർ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണെന്ന് ചർച്ചയ്ക്കുള്ള മറുപടിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. വോട്ട് ചെയ്യാനുള്ള അവകാശം ജനാധിപത്യത്തിൻറെ അടിസ്ഥാനമാണെന്ന് കോൺഗ്രസ് എം.പി കെ.സി വേണുഗോപാൽ വ്യക്തമാക്കി. പരാജയപ്പെടുന്ന എല്ലാ ഘട്ടത്തിലും, പ്രതിപക്ഷം തിരഞ്ഞെടുപ്പ് പ്രക്രിയയെ ചോദ്യം ചെയ്യുന്ന രീതി അവലംബിക്കുന്നതായി ബിജെപി അംഗം രവിശങ്കർ പ്രസാദ് വിമർശനം ഉന്നയിച്ചു.

RNU TVPM

രാജ്യസഭയിൽ ദേശീയഗീതമായ വന്ദേമാതരത്തിൻറെ 150 ആം വാർഷികവുമായി ബന്ധപ്പെട്ട ചർച്ചകൾ ഇന്നും തുടർന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## എസ് ഐ ആർ ദേശീയം

രാജ്യത്ത് തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ 50 കോടി 96 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇതുവരെ 50 കോടിയിലധികം ഫോമുകളാണ് ഡിജിറ്റൈസ് ചെയ്തത്. അതെസമയം, സംസ്ഥാനത്ത് വിതരണം ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ 98. 26 ശതമാനം ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ.യു. കേൽക്കർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## എസ്ഐആർ- കൊല്ലം കളക്ടർ (INTRO)

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കൊല്ലം ജില്ലയിൽ മികച്ചനിലയിൽ പുരോഗമിക്കുകയാണെന്ന് ജില്ലാ കളക്ടർ എൻ ദേവിദാസ്. 99 ശതമാനത്തിൽ അധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നും ഫോമുകളുടെ ഡിജിറ്റൈസേഷൻ 98 ശതമാനത്തിൽ കൂടുതൽ പൂർത്തീകരിക്കാനായതായും ജില്ലാ കളക്ടർ പറഞ്ഞു.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

## ദീപാവലി-യുനെസ്കോ.

പ്രകാശത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്സവമായ ദീപാവലിയെ അദൃശ്യ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി യുനെസ്കോ. ന്യൂഡൽഹിയിലെ ചുവപ്പു കോട്ടയിൽ നടന്ന സാംസ്കാരിക പൈതൃക സംരക്ഷണത്തിനായുള്ള ഭരണകൂട ഐക്യസമിതിയുടെ 20 ആമത് സെഷനിലാണ് ഈ തീരുമാനം. പ്രഖ്യാപനത്തിൽ ഏറെ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ അറിയിച്ചു.

PNU TVPM

## ദേശീയ കരകൗശല പുരസ്കാരം

ദേശീയ കരകൗശല പുരസ്കാരം ലഭിച്ചതിൻറെ നിറവിലാണ് തിരുവനന്തപുരം സ്വദേശി വി കെ ജയൻ. തെയ്യത്തെ ആസ്പദമാക്കിയുള്ള ശില്പത്തിന് രാഷ്ട്രപതിയിൽ നിന്ന് പുരസ്കാരം നേടാനായതിൽ ഏറെ സന്തോഷമുണ്ടെന്ന് അദ്ദേഹം ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

തിരുവനന്തപുരം സ്വദേശികളായ ബി രാധാകൃഷ്ണ പിള്ള, കെ. സുലൈമാൻ കുട്ടി എന്നിവരാണ് പുരസ്കാരം നേടിയ മറ്റ് കേരളീയർ.

## അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം

RNU TVPM

ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം. എല്ലാവർക്കും പൊതു സേവനങ്ങളും അന്തസ്സും, മനുഷ്യാവകാശം നമ്മുടെ ദൈനംദിന അവശ്യം എന്നതാണ് ഈ വർഷത്തെ പ്രമേയം. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദിനാചരണം മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. അഭിമാനത്തോടെ ജീവിക്കാൻ ആവശ്യമായ മനുഷ്യാവകാശങ്ങൾ എല്ലാവർക്കും ഉറപ്പാക്കിയ ആദ്യ സംസ്ഥാനമാണ് കേരളമെന്ന് അദ്ദേഹം പറഞ്ഞു.

## ശബരിമല

ശബരിമലയിൽ ഭക്തജനത്തിരക്ക് വർദ്ധിക്കുന്നു. മണ്ഡലകാലത്തെ പ്രധാനചടങ്ങായ തങ്കയങ്കി ചാർത്തിയുള്ള ദീപാരാധന ഈ മാസം 26 ന് നടക്കും.